## ക ത്തു ക ൾ

# സിനിമാ രംഗത്ത് ഇടപെടുമ്പോൾ

**സിനിമ** കേവല ആസ്വാദനത്തിനുള്ളതല്ലെന്ന പ്രമുഖ തിരക്കഥാകൃത്ത് ജോൺപോളിന്റെ പ്രസ്താവന വായിച്ചു. 'തനിമ' പ്രവർത്തകർക്കും സാമാന്യം ചിന്താശക്തിയുള്ള ഏതൊരാൾക്കും അറിയാവുന്ന കാര്യമാണത്. മനുഷ്യ മനസ്സാക്ഷിയെ ഉണർത്തുന്ന, സാമൂഹിക പ്രതിബദ്ധതയുള്ള സിനിമകൾ ഇറാനിൽനിന്നും ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽനിന്നും ധാരാളമായി വന്നിട്ടുണ്ടെങ്കിലും ഇന്ത്യയിൽ പക്ഷേ വിരളമാണ്. സിനിമയെപ്പോലെ സമൂഹ മനസ്സിനെ സ്വാധീനിക്കാൻ കഴിയുന്ന വേറെ മാധ്യമങ്ങൾ ഉണ്ടോ എന്ന് സംശയമാണ്.

മലയാളത്തിലെ ഒരു പ്രമുഖ തിരക്കഥാകൃത്തുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങൾ വല്ല സംരംഭവും തുടങ്ങുന്നുവെങ്കിൽ അതിന് ക്രിയാത്മക സഹകരണം നൽകാൻ സന്തോഷമേയുള്ളൂ. പക്ഷേ ദയവു ചെയ്ത് യോഗങ്ങൾക്ക് വിളിക്കരുത്. നിങ്ങൾ ഇങ്ങനെ യോഗം ചേർന്നും ശിൽപശാല നടത്തിയും പ്രബന്ധം അവതരിപ്പിച്ചും കാലംകഴിക്കും". കാമ്പുള്ള വിമർശനമാണിത്.

സിനിമാ പ്രവർത്തകരെ നോമ്പുതുറപ്പിച്ചതുകൊണ്ടോ ശിൽപശാല നടത്തിയതുകൊണ്ടോ സമൂഹത്തെ മലീമസമാക്കിക്കൊണ്ടിരിക്കുന്ന, ധാർമിക സദാചാരമൂല്യങ്ങൾ തച്ചുതകർക്കുന്ന, വർഗീയധ്രുവീകരണത്തിന്റെ വിഷബീജങ്ങൾ വിസർജിക്കുന്ന നിലവിലെ സിനിമയെ പ്രതിരോധിക്കാനോ പകരംവെക്കാനോ നമുക്കാവില്ല. 'ലീക്ക് ബീരാന്റെ' നിലവാരമില്ലാത്ത നർമം പറഞ്ഞ് ചിരിച്ചുനടക്കുന്ന ഒരു ആസ്വാദക വൃന്ദത്തെ സൃഷ്ടിക്കലല്ല നമ്മുടെ ദൗത്യം. സമൂഹത്തിൽ ക്രിയാത്മക ചലനങ്ങൾ സൃഷ്ടിക്കുന്ന നിലവാരമുള്ള സിനിമകൾ സമർപ്പിക്കാൻ 'തനിമ'ക്ക് സാധിക്കണം.

ഐ.പി.എച്ചിന്റെ പല പുസ്തകങ്ങളും ചലചിത്രാവിഷ്കാരത്തിനായി കാത്തുനിൽക്കുന്നു. മാലിക് ദീനാർ, വെളിയംകോട് ഉമർഖാദി, മമ്പുറം തങ്ങൾ, ഹാജി സാഹിബ്, മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് തുടങ്ങിയ മഹാരഥന്മാരുടെ ചരിത്രത്തിന് ദൃശ്യാവിഷ്കാരം നൽകിയില്ലെങ്കിൽ കച്ചവടലോബികൾ അതും കൈകാര്യംചെയ്യും.

സമ്പത്തും സമയവും ദുർവ്യയം ചെയ്ത് അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന മതസംഘടനകളിൽനിന്ന് ആരും ഒന്നും പ്രതീക്ഷിക്കുന്നില്ല. തിരുവനന്തപുരം, മുംബൈ, ചെന്നൈ, ദൽഹി കേന്ദ്രമാക്കി സവർണ ഫാഷിസ്റ്റ് ലോബിയാണ് സിനിമയടക്കമുള്ള സകല മാധ്യമരംഗവും നിയന്ത്രിക്കുന്നത്. അവിടെ കടന്നുചെന്ന് നടേപറഞ്ഞതൊക്കെ സാധിച്ചെടുക്കുക എന്നത് ശ്രമകരം തന്നെയാണ്. പക്ഷേ മൂല്യബോധമുള്ള കലാ പ്രവർത്തകർ വിശ്വ മഹാകവി അല്ലാമാ ഇഖ്ബാലിന്റെ വരികൾ എങ്ങനെ വിസ്മരിക്കും!

"കലാകാരന്മാരേ, ആശയങ്ങളെ വഹിക്കുന്നവരേ, മൂസായുടെ വടിയുടെ പ്രഹരമേൽക്കാത്ത കലകൊണ്ട് എന്തു പ്രയോജനം?"

**നാസർ വേങ്ങര, ദുബൈ**
konnakkal@gmail.com




## പൊതുപ്രശ്നങ്ങളിൽ യോജിച്ചു നിൽക്കുക

**കാന്തപുരം** സുന്നി വിഭാഗവുമായി നിരുപാധിക ഐക്യത്തിനുള്ള സാധ്യതകൾ ഇ.കെ വിഭാഗം തള്ളിയതായ വാർത്ത വായിച്ചു. ഇത് പ്രതീക്ഷിച്ചതുതന്നെയായിരുന്നു. ഇരു കൂട്ടരും വിട്ടുവീഴ്ചക്ക് തയാറായാൽ മാത്രമേ സമുദായം രക്ഷപ്പെടുകയുള്ളൂ. ജമാഅത്തെ ഇസ്‌ലാമിയെ രാഷ്ട്രീയ പാർട്ടിയായി കണ്ട് വിമർശനം നടത്തിപ്പോന്നവർ, ജമാഅത്ത് (യഥാർഥ) രാഷ്ട്രീയ പാർട്ടി രൂപീകരിക്കാൻ പോകുന്നു എന്നു കേട്ടപ്പോൾ തന്നെ അത് വന്നാൽ ഉണ്ടാകാവുന്ന അപകടത്തെപ്പറ്റി മാലോകരെ ബോധവത്കരിക്കാൻ പാടുപെടുകയാണ്. ജമാഅത്തെ ഇസ്‌ലാമിയെ രാഷ്ട്രീയ പാർട്ടിയായി മുദ്രകുത്തി ആക്ഷേപിച്ചവരുടെ ആക്ഷേപഹാസ്യം ഇപ്പോൾ വിലപ്പോവുന്നില്ല എന്നതാണ് നേര്. എന്തായാലും മുജാഹിദുകളിലെയും സുന്നികളിലെയും പിളർപ്പ് വേദനാജനകമാണ്. സമുദായത്തിനു കിട്ടേണ്ട താങ്ങ് ഈ പിളർപ്പുകളിലൂടെ ദുർബലമാവുകയാണ്. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും യോജിക്കാവുന്ന ഒട്ടേറെ മേഖലകൾ ഇനിയും ബാക്കി നിൽക്കുകയാണ്. മുസ്‌ലിം സമുദായം അഭിമുഖീകരിക്കുന്ന പൊതു പ്രശ്നങ്ങളിലെങ്കിലും ഒരുമിച്ചുനിൽക്കേണ്ടത് അനിവാര്യമണ്. ഈ വിഷയങ്ങളിലെങ്കിലും മുഖം തിരിച്ചുനിൽക്കാതെ വേദികൾ പങ്കിടുകയെങ്കിലും ചെയ്യുക.

**അബ്ദുൽ മലിക് മുടിക്കൽ**

## കാരക്കയും തേങ്ങാപ്പൂളും

**വസ്ത്രധാരണത്തെക്കുറിച്ച** എ.പി കുഞ്ഞാമുവിന്റെ കത്ത് (ലക്കം 36) വായിച്ചു. വസ്ത്രധാരണത്തിന് പ്രാദേശിക മാനങ്ങളുണ്ടെങ്കിലും ഇസ്‌ലാം കർശനമാക്കിയത് സ്ത്രീ പുരുഷ നഗ്നത മറയ്ക്കുന്നതും സദാചാരം പാലിക്കുന്നതുമായ രീതിയാണ്. മുണ്ടും കുപ്പായവും ധരിച്ചതുകൊണ്ട് മുസ്‌ലിം പുരുഷന്നോ പർദക്കു പകരം സാരി ധരിച്ചതുകൊണ്ട് മുസ്‌ലിം സ്ത്രീക്കോ ഇസ്‌ലാമിൽ പ്രത്യേക പരിഗണനയൊന്നുമില്ല. മുണ്ട് ധരിച്ചാൽ പുരുഷന് പല ജോലികളും ചെയ്യാൻ വിഷമങ്ങളുണ്ടാവും. അതേ പോലെ സ്ത്രീക്കും സാരി ബുദ്ധിമുട്ടാകുന്ന ജോലികളുണ്ട്. വസ്ത്രധാരണത്തിൽ പ്രാദേശികതയിലുപരി സൗകര്യങ്ങളാണ് നോക്കേണ്ടത്.

പല കമ്പനികളും എണ്ണ ഖനന മേഖലയിൽ ജോലി ചെയ്യുന്നവർ താടി നീട്ടി വളർത്തുന്നത് വിലക്കിയിട്ടുണ്ട്. ഓക്സിജൻ മാസ്ക് ധരിക്കാനുള്ള പ്രയാസമാണ് അതിനു കാരണം. കത്തുകാരൻ ചൂണ്ടിക്കാണിച്ച പ്രിൻസിപ്പലിന് മുണ്ട് ധരിക്കുന്നത് പ്രയാസമുള്ള കാര്യമാവണമെന്നില്ല. എന്നാൽ സഫാരി സൂട്ട് ധരിച്ചതുകൊണ്ട് അത് അശ്ലീലമാവുന്നില്ല. സൗന്ദര്യത്തോടും വൃത്തിയോടും കൂടി നടക്കണമെന്നു തന്നെയാണ് ഇസ്‌ലാമിന്റെ താൽപര്യം. കാരക്കക്ക് തേങ്ങാപ്പൂളിനേക്കാൾ ഔഷധ ഗുണമുള്ളതുകൊണ്ടാണ്, പകൽ മുഴുവൻ ആഹാരം കഴിക്കാത്തവർക്ക് നോമ്പുതുറക്കുന്ന സമയത്ത് കാരക്ക കൂടുതൽ ഉത്തമമാകുന്നത്. പർദ കേരളീയ വേഷമല്ലെങ്കിലും, സ്ത്രീകൾക്ക് കൂടുതൽ സൗകര്യമുള്ള വേഷമാണ്. സാരി ധരിച്ചാൽ പുറത്തു കാണാൻ സാധ്യതയുള്ള ശരീരഭാഗങ്ങൾ പർദക്കുള്ളിൽ സുരക്ഷിതമാണ്. മുഖവും

മുൻകൈയും ഒഴിച്ച് ബാക്കി ശരീരഭാഗങ്ങൾ അന്യർക്ക് മുമ്പിൽ മറഞ്ഞിരിക്കണമെന്ന് നിർബന്ധമുള്ള സ്ത്രീകൾക്ക് സാരിയേക്കാൾ നല്ലത് പർദയാണെന്ന് തോന്നുന്നുവെങ്കിൽ അതിന് സ്വാതന്ത്ര്യമുണ്ട്.

കഴിഞ്ഞ 17 കൊല്ലമായി സായിപ്പന്മാരുടെ കൂടെയാണ് ഞാൻ ജോലി ചെയ്യുന്നത്. എന്നാൽ ഇതുവരെ ഒരു സായിപ്പും സഫാരി സൂട്ട് ധരിക്കുന്നതായി ഞാൻ കണ്ടിട്ടില്ല. പിന്നെ അതെങ്ങനെ പാശ്ചാത്യ വേഷമാകും? പ്രാദേശിക വസ്ത്രധാരണം കേരളത്തിൽ നിർബന്ധമാക്കപ്പെട്ടാൽ, ലൈന്മാൻ ഇലക്ട്രിക് പോസ്റ്റിൽ കയറാനനുഭവിക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ചിന്തിച്ചാൽ വസ്ത്രധാരണത്തിന്റെ പ്രാദേശികതയെ എങ്ങനെ സമീപിക്കണമെന്ന വിവേകം ലഭിക്കും.

**എ. അബ്ദുൽ അസീസ് ചേളന്നൂർ**

## ബുർഖ ഇസ്‌ലാമിക വേഷമോ?

**2009** ജനുവരി 17-ലെ വാരികയിൽ 'വസ്ത്രധാരണത്തിന്റെ ഇസ്‌ലാമിക കാഴ്ചപ്പാട്' എന്ന ഫത്‌വ, വസ്ത്രധാരണത്തെക്കുറിച്ച തെറ്റുധാരണകൾ നീക്കാൻ പര്യാപ്തമാണ്. വ്യവസായികൾ എങ്ങനെ മതത്തിന്റെ അധ്യാപനങ്ങളിൽ പോലും കടന്നുകയറുകയും പിടിമുറുക്കുകയും ചെയ്യുന്നുവെന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ഇന്ന് പരക്കെ പ്രചരിക്കുന്ന ബുർഖ. അതൊരു ഇസ്‌ലാമിക വസ്ത്രമാണെന്ന് വ്യാപകമായി തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇസ്‌ലാം ആശ്ലേഷിച്ച മാധവിക്കുട്ടി എന്ന കമലാ സുറയ്യയുടെ വേഷപ്പകർച്ച സഹോദര സമുദായത്തിലും ഈ തെറ്റുധാരണക്ക് ആക്കംകൂട്ടിയിട്ടുണ്ടെന്ന് തോന്നുന്നു. ഇത്തരം ധാരണകളെല്ലാം പ്രസ്തുത ഫത്‌വ തിരുത്തുന്നുണ്ട്.

'എല്ലാവരും മോശം കാലാവസ്ഥയെ കുറിച്ച് പറയുന്നു. എന്നാൽ ആരും അതിനെതിരെ ഒന്നും ചെയ്യുന്നില്ല' എന്ന് മാർക്ക് ട്വൈൻ പറയുകയുണ്ടായി. സമുദായത്തിൽ കടന്നുകൂടിയ പല അനാചാരങ്ങളുടെയും സമ്പ്രദായങ്ങളുടെയും കാര്യത്തിലും ഈ വാക്കുകൾ അന്വർഥമാണെന്നു കാണാം. സമൂഹത്തിലേക്ക് അവയെല്ലാം പിൻവാതിലിലൂടെ കടന്നുകയറി വരികയായിരുന്നു.

ഫത്‌വയുടെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ ബുർഖാ സമ്പ്രദായം പ്രത്യേകം പരാമർശമർഹിക്കുന്നു. കമ്പനികൾ പടച്ചുണ്ടാക്കിയ വസ്ത്രം എങ്ങനെ ഇസ്‌ലാമിക വേഷം എന്ന 'മാന്യസ്ഥാനം' നേടിയെന്നത് ചിന്തിക്കേണ്ടതാണ്. നാട്ടിൽ നടപ്പുള്ള ഒരു പൊതുവസ്ത്രം ധരിക്കുമ്പോൾ മുസ്‌ലിംസ്ത്രീ സ്വാഭാവികമായും തലമറയ്ക്കും. അപ്പോൾ, നിങ്ങളെന്തിനാണ് തലമറയ്ക്കുന്നതെന്ന് സഹോദര സമുദായത്തിലെ അംഗം ചോദിച്ചാൽ 'അങ്ങനെ ചെയ്യണമെന്ന് ഖുർആൻ പറഞ്ഞിട്ടുണ്ട്'എന്ന് മറുപടി പറയാം. സാമൂഹിക വേഷവിധാനത്തിൽനിന്ന് വേറിട്ടു നിൽക്കുന്ന അവസ്ഥ ഇല്ലതാനും. അതേയവസരം, ആകെ മൂടിപ്പുതച്ചുള്ള വേഷമെന്തിനെന്ന് ചോദിച്ചാൽ അതിന് ഉത്തരമില്ല. 'ഖുർആൻ പറഞ്ഞിട്ടാണ് ബുർഖ ധരിക്കുന്നത്' എന്ന മറുപടി ഖുർആനെ തെറ്റിദ്ധരിപ്പിക്കലായിരിക്കും. ബുർഖയല്ല പർദ എന്ന് തിരിച്ചറിയേണ്ടതുണ്ട്.

ബുർഖയെക്കുറിച്ചുള്ള സഹോദര സമുദായത്തിലെ നിഷ്പക്ഷമതികളുടെ പോലും വിമർശനത്തിന്റെ പശ്ചാത്തലത്തിൽ, ഫത്‌വാ സമിതിയുടെ വാക്കുകൾ ശ്രദ്ധയർഹിക്കുന്നു: 'ശറഇന്റെ പൊതുതത്വത്തോട് വിരുദ്ധമാകാത്ത തദ്ദേശവാസികളുടെ വസ്ത്ര സമ്പ്രദായ രീതിയിൽനിന്ന് വേറിട്ടുനിൽക്കുന്നത് ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം ശരിയായ നടപടിയല്ല.'

ഇസ്‌ലാമിക വേഷമെന്താണെന്ന് കമ്പനിക്കാരൻ തീരുമാനിക്കുന്ന അവസ്ഥ വന്നുകൂടാ. അവ സ്ത്രീസൗന്ദര്യം പൊലിപ്പിച്ചു കാട്ടിക്കൊണ്ടുള്ള പരസ്യങ്ങളുടെ അകമ്പടിയോടെ വരുമ്പോൾ പ്രത്യേകിച്ചും.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## വിഭ്രാന്തികളുടെ ഹേതു

**കള്ളന്മാരുടെയും** കൊള്ളക്കാരുടെയും സ്വന്തം തട്ടകമാണ് ഇന്ത്യൻ രാഷ്ട്രീയം. ഐസ്ക്രീമും ലാവ്‌ലിനും കിളിരൂരും മറയൂരുമായി കേരള രാഷ്ട്രീയം 'കള്ളനും പോലീസും'കളിയിലാണ്. കോടികൾ തട്ടുന്നതിലും പദവികൾ ദുരുപയോഗം ചെയ്യുന്നതിലും രാഷ്ട്രീയക്കാർ മത്സരിച്ചുകൊണ്ടിരിക്കുന്നു. ഇതൊക്കെയാണ് തങ്ങളുടെ 'കടമ'യെന്നും 'അഭിമാന'മെന്നും രാഷ്ട്രീയക്കാരൻ കരുതിയോ? ഇതുതന്നെയാണ് രാഷ്ട്രീയമെന്ന് പൊതുജനവും തെറ്റിദ്ധരിച്ചുവോ? ഇത്തരം തരംതാണ രാഷ്ട്രീയ കളികളിൽ അൽപം മൂല്യബോധമുള്ളവരെങ്കിലും മോചിതരാവേണ്ടതില്ലേ? തീർച്ചയായും ഒരു മൂല്യാധിഷ്ഠിത രാഷ്ട്രീയ പാർട്ടിയുടെ അഭാവമാണ് ഇന്ത്യൻ രാഷ്ട്രീയം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നീതിക്കും സമാധാനത്തിനും നിലകൊള്ളുന്ന ഒരു രാഷ്ട്രീയ പാർട്ടി അനിവാര്യമല്ലേ?

ഇങ്ങനെയുള്ള ഒരു രാഷ്ട്രീയ പാർട്ടിയെ ചിലർ ഭയപ്പാടോടെയാണ് വീക്ഷിക്കുന്നത്. തങ്ങൾക്ക് പോലും ഭാഗഭാക്കാകാൻ സാധിക്കേണ്ട ഇത്തരം രാഷ്ട്രീയ വേദികളെ പല്ലും നഖവും ഉപയോഗിച്ച് നേരിടാനാണ് ചില മുസ്‌ലിം സംഘടനകൾ പോലും ശ്രമിക്കുന്നത്. കാരണമുണ്ട്; തങ്ങൾക്കും ഒരു രാഷ്ട്രീയ വേദി വേണമെന്ന് ഇവരുടെ അനുയായികളും ആവശ്യപ്പെടുന്ന കാലം വിദൂരമല്ല. തങ്ങളുടെ നിലപാടുകൾ രാഷ്ട്രീയ വേദികളിൽ അംഗീകരിക്കപ്പെടാതെ വരുമ്പോൾ, അനുയായികൾ തങ്ങൾക്കും ഒരു രാഷ്ട്രീയ പാർട്ടി വേണമെന്ന് ആവശ്യപ്പെട്ടുകൂടായ്കയില്ല. പഴയകാലമൊന്നുമല്ല, കുട്ടികൾ ചിന്തിക്കാനും ചോദ്യംചെയ്യാനും തുടങ്ങിയിരിക്കുന്നു. മതരാഷ്ട്രവാദക്കാർ തങ്ങളെ ഹൈജാക്ക് ചെയ്യുമ്പോൾ അത് തങ്ങൾക്ക് താങ്ങാനാവുന്നതിലും അപ്പുറമാണെന്ന തിരിച്ചറിവ് സാമ്പ്രദായിക മതസംഘടനകളുടെ വിഭ്രാന്തികളായി പുറത്തുവന്നുകൊണ്ടിരിക്കുന്നു.

**നസീർ പള്ളിക്കൽ പറമ്പിൽ ബസാർ**

## ചുരുക്കെഴുത്ത്

**കെ.ടി** മാനു മുസ്‌ലിയാരുടെ അനുസ്മരണം വായിച്ചു. ഇസ്‌ലാമിക പ്രവർത്തനരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയവരെ, അത് മറ്റു സംഘടനയിൽ പെട്ടവരായാലും, അനുസ്മരിക്കാനും അത് അംഗീകരിക്കാനും *പ്രബോധനം* കാണിക്കുന്ന താൽപര്യം മാതൃകാപരമാണ്. ഐക്യം വേണമെന്ന് പ്രസംഗിക്കുകയും അണികൾക്കിഷ്ടമില്ലെന്ന് പിന്നീട് തിരുത്തിപ്പറയുകയും ചെയ്യുന്ന നേതാക്കന്മാർ ഇത് ശ്രദ്ധിച്ചിരുന്നെങ്കിൽ!

**യു.എം നിയാസ് മസ്കത്ത്**

**കെ.ടിയുടെ** പ്രസ്ഥാന യാത്രകൾ പ്രവർത്തകരെ എന്തു മാത്രം സ്വാധീനിക്കുന്നുണ്ടെന്നതിന് കത്തുകളുടെ കോളംതന്നെ തെളിവാണ്. പ്രവർത്തകർ ഒത്തുകൂടുന്നിടത്തും ഇപ്പോൾ വർത്തമാനം 'പ്രസ്ഥാന യാത്രകൾ' തന്നെയാണ്. 35-ാം ലക്കത്തിലെ 'പുതിയ പ്രവർത്തനരീതി'യെന്ന തലക്കെട്ടിലെ വരികൾ പ്രവർത്തകർക്ക് വെളിച്ചം നൽകുന്നു. കെ.ടിയുടെ പ്രസ്ഥാന യാത്ര അവസാനിക്കുമ്പോഴേക്ക് ടി.കെയുടെയോ അബ്ദുൽ അഹദ് തങ്ങളുടെയോ ഓർമകൾ തയാറാക്കി ഈ പരമ്പര നിലനിർത്തണം. പലതരം യാത്രകൾ കൊണ്ട് പൊറുതിമുട്ടിക്കഴിയുമ്പോൾ ഇത്തരം പ്രസ്ഥാന യാത്രകൾ അനുഗ്രഹമാകുന്നു.

**മമ്മൂട്ടി കവിയൂർ**

**കെ.ടിയുടെ** വ്യക്തിത്വം പുതിയ പ്രവർത്തകരെ അതിശയിപ്പിക്കുന്നതാണ്. സൗകര്യങ്ങളുടെ നടുവിൽ, ജനക്കൂട്ടത്തിന്റെ ആരവങ്ങളിൽ, പ്രസംഗങ്ങൾ കൊണ്ട് ദൗത്യപൂർത്തീകരണം സാധിച്ചുവെന്ന സായൂജ്യമടയുന്നവരെ കെ.ടി ജീവിതം കൊണ്ട് തിരുത്തുന്നു. മുഹമ്മദ് അസദിന്റെ യാത്രപോലെ തോന്നി ഇത്. വിനയാന്വിതനായ ആ പണ്ഡിതന്റെ സാമീപ്യം പോലും മധുരതരമാണെന്ന് പ്രസ്ഥാന പ്രവർത്തകരല്ലാത്ത എത്രയോ പേർക്ക് അനുഭവമുള്ളതാണ്. തന്നെക്കുറിച്ച് ഒട്ടും പറയാൻ ഇഷ്ടപ്പെടാത്ത കെ.ടിയിൽനിന്ന് ഈ അനുഭവപാഠങ്ങൾ പകർത്തിയെടുത്തതും ഒരു സാഹസം തന്നെയാണ്.

**ഖൗലത്ത് മുസ്തഫ കണ്ണൂർ**